9153/എഫ്/2015/കെ.എസ്സ്.എച്ച്.ഒ 17..12..2015

# സർക്കുലർ

വിഷയം :- എൻ.യു.എൽ.എം / എസ്.ഇ.പി ക്യാമ്പയിൻ നടത്തുന്നത് - സംബന്ധിച്ച്.

ദേശീയ നഗരഉപജീവന മിഷന്റെ (എൻ.യു.എൽ.എം) പ്രവർത്തന മാർഗ്ഗരേഖ പ്രകാരം നഗര ദരിദ്രരുടെ സാമൂഹ്യ സംഘാടനവും സാമ്പത്തിക ഉൾപ്പെടുത്തലും തൊഴിലവസരങ്ങൾ സൃഷ്ടിക്കലും പ്രധാന ദൗത്യമായി പരാമർശിച്ചിട്ടുണ്ട്. അയൽക്കൂട്ട അംഗങ്ങൾക്കും നഗരദരിദ്രർക്കും വരുമാനദായക പ്രവർത്തനം എന്ന നിലയിൽ ആരംഭിക്കാൻ ഉതകുന്ന സ്വയംതൊഴിൽ സംരംഭങ്ങൾ, സംരംഭകത്വ വികസന പരിശീലനം, വൈദഗ്ധ്യ പരിശീലനം എന്നിവ സംബന്ധിച്ച വിവരങ്ങൾ ഫലപ്രദമായി അതിന് അനുയോജ്യരും തൽപ്പരരുമായ വ്യക്തികളിലേയ്ക്ക് എത്തിക്കേണ്ടതുണ്ട്. കൂടാതെ ഓരോ നഗരസഭകളിലും സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ടാർഗറ്റ് ഹൗസിംഗ് & അർബൻ പോവർട്ടി അലീവിയേഷൻ മന്ത്രാലയത്തിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്.

എൻയുഎൽഎം പദ്ധതി നടപ്പിലാക്കുന്ന 14 നഗരസഭകളിലെ 20,000 ൽപ്പരം വരുന്ന അയൽക്കൂട്ടങ്ങളിലേയ്ക്ക് സ്വയംതൊഴിൽ പദ്ധതി, ഇന്ററസ്റ്റ് സബ്സിഡി സ്കീം, ക്രെഡിറ്റ് ഗ്യാരന്റി പ്രോഗ്രാം എന്നിവ സംബന്ധിച്ച പൂർണ്ണ വിവരം നൽകുകയും തുടർന്ന് സംരംഭകത്വത്തിലേയ്ക്ക് വരാൻ താൽപ്പര്യമുള്ള വ്യക്തികൾക്ക് തുടർസേവനങ്ങൾ നൽകേണ്ടതുമുണ്ട്. ഇപ്രകാരം 2015-16 സാമ്പത്തിക വർഷത്തിൽ ടാർഗറ്റ് ലക്ഷ്യത്തിലെത്തിക്കുന്നതിനും വരുമാനദായക പ്രവർത്തനങ്ങളെ സംബന്ധിച്ച വിവരങ്ങൾ അയൽക്കൂട്ട തലങ്ങളിലെത്തിച്ച് വിജയസാധ്യതയുള്ള സംരംഭങ്ങൾ ആരംഭിക്കാനുതകുന്ന സഹായസഹകരണങ്ങൾ ലഭ്യമാക്കുന്നതിനും ഒരു ജനറൽ ഓറിയന്റേഷൻ ട്രെയിനിംഗ് സിഡിഎസ് തലത്തിൽ നൽകേണ്ടതുണ്ട്. ഇതിനായി ഓരോ

സിഡിഎസ്സിലും ഒരു റിസോഴ്സ് ഗ്രൂപ്പ് രൂപീകരിച്ച് അവരിലൂടെ അയൽക്കൂട്ടതലത്തിൽ ജി.ഒ.റ്റി.യും തുടർസേവനങ്ങളും മോണിറ്ററിംഗും നടത്തുന്നതിനാണ് ലക്ഷ്യമിടുന്നത്.

പ്രസ്തുത ലക്ഷ്യം മുൻനിർത്തി ആദ്യഘട്ടത്തിൽ സിഡിഎസ് ചെയർപേഴ്സൺ, എം.ഇ ഉപസമിതി കൺവീനർ, എം.ഇ ഉപസമിതി അംഗങ്ങൾ, കമ്മ്യൂണിറ്റി ഓർഗനൈസർമാർ എന്നിവരുടെ ഒരു റിസോഴ്സ്ഗ്രൂപ്പ് രൂപീകരിച്ച് ഇവർക്കുള്ള റ്റി.ഒ.റ്റി പരിശീലനം സിഡിഎസ് തലത്തിൽ നൽകണം. റ്റി.ഒ.റ്റി പരിശീലനം നൽകുന്നതിനായി കുടുംബശ്രീ മിഷന് സേവനം നൽകി വരുന്ന പ്രവൃത്തി പരിചയമുള്ളതും പരിശീലനം സിദ്ധിച്ചവരുമായ എം.ഇ.സിമാരുടെ സേവനം സംസ്ഥാന മിഷനിൽ നിന്നും ലഭ്യമാക്കും. റ്റി.ഒ.റ്റി പരിശീലനത്തിനുള്ള മൊഡ്യൂൾ സംസ്ഥാന മിഷനിൽ നിന്നും ലഭ്യമാക്കുകയും ചെയ്യും.

റ്റി.ഒ.റ്റി പരിശീലനം പൂർത്തിയാകുന്ന മുറയ്ക്ക് ഓരോ സിഡിഎസിലുമുള്ള റിസോഴ്സ് ഗ്രൂപ്പ് അയൽക്കൂട്ടതലങ്ങളിൽ പരിശീലനം നൽകേണ്ടതും സംരംഭകരാകാൻ താൽപ്പര്യമുള്ള അയൽക്കൂട്ടാംഗങ്ങളെ കണ്ടെത്തി അവർക്ക് സംരംഭം തുടങ്ങാനുള്ള സഹായം ലഭ്യമാക്കേണ്ടതുമാണ്. റ്റി.ഒ.റ്റി പരിശീലനത്തിന്റെ മൊഡ്യൂൾ ചുവടെ ചേർക്കുന്നു.

| സമയം | മൊഡ്യൂൾ | വിഷയം | ചുമതല |
|---|---|---|---|
| 09.30 - 10.00 | രജിസ്ട്രേഷൻ | | സി.ഡി.എസ്. |
| 10.00 - 10.30 | ആമുഖം | സ്ത്രീകൾ സംരംഭം ആരംഭിക്കുന്നതിന്റെ പ്രസക്തി, പ്രാധാന്യം | ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ |
| 10.30 - 11.00 | സ്വയംതൊഴിൽ പദ്ധതി - നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ | വ്യക്തിഗത/ഗ്രൂപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ | സിറ്റി മിഷൻ മാനേജർമാർ / സിഡിഎസ് ചെയർപേഴ്സൺ |
| 11.00 - 11.30 | സ്വയംതൊഴിൽ പദ്ധതി - ആശയം | വ്യത്യസ്ത ഗ്രൂപ്പ് / വ്യക്തിഗത പദ്ധതികൾ | എം.ഇ.സി |

| | | | |
|---|---|---|---|
| 11.30 – 11.45 | ചായ | | |
| 11.45 – 12.15 | പ്രോജക്ട് തയ്യാറാക്കൽ - ഇന്ററസ്റ്റ് സബ്സിഡി | അപേക്ഷാഫോറം പരിചയപ്പെടുത്തൽ - പ്രോജക്ട് തയ്യാറാക്കൽ നടപടിക്രമം | സിറ്റി മിഷൻ മാനേജർമാർ /സി.ഒ |
| 12.15 – 12.30 | സംശയനിവാരണം | | സിഡിഎസ് ചെയർപേഴ്സൺ |

എസ്.ഇ.പി ക്യാമ്പയിൻ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും തുടർപ്രവർത്തനങ്ങൾക്കുമായി താഴെപറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. **റിസോഴ്സ്ഗ്രൂപ്പ് രൂപീകരണം**

സിഡിഎസ് ചെയർപേഴ്സൺ, എം.ഇ ഉപസമിതി കൺവീനർ, എം.ഇ ഉപസമിതി അംഗങ്ങൾ, കമ്മ്യൂണിറ്റി ഓർഗനൈസർമാർ എന്നിവരെ ഉൾപ്പെടുത്തി സിഡിഎസ് തലത്തിൽ റിസോഴ്സ്ഗ്രൂപ്പ് രൂപീകരിക്കേണ്ടതാണ്. അയൽക്കൂട്ടതലത്തിൽ സംരംഭവുമായി ബന്ധപ്പെട്ട ജി.ഒ.റ്റി നടത്തേണ്ടതും സംരംഭകരെ കണ്ടെത്തി അതിനാവശ്യമായ സഹായം ലഭ്യമാക്കേണ്ടതും തുടർന്ന് സംരംഭങ്ങളുടെ പ്രവർത്തനം വിലയിരുത്തേണ്ടതും സിഡിഎസ് തലത്തിൽ സംരംഭങ്ങൾക്കായി ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഇവരുടെ ഉത്തരവാദിത്വമാണ്. ഇതിനുള്ള ചുമതല ആർ.ഒ എന്ന നിലയിൽ സിഡിഎസ് ചെയർപേഴ്സണായിരിക്കും.

2. **റ്റി.ഒ.റ്റി സംഘടിപ്പിക്കൽ**

മേൽ പ്രതിപാദിച്ച റിസോഴ്സ്ഗ്രൂപ്പിനുള്ള റ്റി.ഒ.റ്റി സിഡിഎസ് തലത്തിൽ സംഘടിപ്പിക്കേണ്ടതും എല്ലാ അംഗങ്ങളും പങ്കെടുത്തുവെന്ന് ഉറപ്പുവരുത്തേണ്ടതും സിറ്റി മിഷൻ മാനേജർമാരുടെ ചുമതലയാണ്.

3. **സംരംഭകരെ കണ്ടെത്തൽ**

റിസോഴ്സ്ഗ്രൂപ്പുകൾ വഴി അയൽക്കൂട്ടതലത്തിൽ ജി.ഒ.റ്റി നടത്തി അനുയോജ്യരായ സംരംഭകരേയും വിജയസാധ്യതയുള്ള

സംരംഭങ്ങളും കണ്ടെത്തുക. ഇതിനുള്ള ചുമതല കമ്മ്യൂണിറ്റി ഓർഗനൈസർമാർക്കും സിഡിഎസ്സിനും ആയിരിക്കും.

4. **പരിശീലനങ്ങൾ**

സംരംഭകത്വ വികസന പരിശീലനങ്ങളും തൊഴിൽ വൈദഗ്ധ്യ പരിശീലനങ്ങളും ആർ.എസ്.ഇ.റ്റി.ഐ മുഖേനയോ അല്ലെങ്കിൽ കുടുംബശ്രീ അക്രഡിറ്റഡ് ഏജൻസികൾ മുഖേനയോ നടത്തി എൻ.യു.എൽ.എം പദ്ധതി രേഖയ്ക്ക് അനുസൃതമായി പരിശീലനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.

5. **പദ്ധതി തയ്യാറാക്കൽ / അപേക്ഷ സമർപ്പിക്കൽ**

ബാങ്കിന് സ്വീകാര്യമായ പ്രോജക്ട് തയ്യാറാക്കി അപേക്ഷയോടൊപ്പം നഗരസഭകളിൽ സമർപ്പിക്കുന്നതിന് എം.ഇ.സി.മാരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. അവർക്കുള്ള ഓണറേറിയം (എം.ഇ.സി ഗൈഡ്ലൈൻ പ്രകാരമുള്ളത്) സംരംഭകർ നൽകേണ്ടതാണ്.

6. തുടർപ്രവർത്തനങ്ങളും മോണിറ്ററിംഗും

## ഉത്തരവാദിത്വങ്ങൾ

1. **ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ/അസി. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ(അർബൻ)**

- നഗരപ്രദേശങ്ങൾക്കനുസൃതമായ വ്യക്തിഗത / ഗ്രൂപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ ആശയങ്ങളും സഹായ സഹകരണങ്ങളും കുടുംബശ്രീ സിഡിഎസ്സിന് ലഭ്യമാക്കുക.
- നഗരതലത്തിൽ പ്രവർത്തിപരിചയമുള്ള എം.ഇ.സിമാരുടെയോ അല്ലെങ്കിൽ 5 വർഷത്തിലധികമായി എം.ഇ.സി. മാരായി പ്രവർത്തിക്കുന്നവരുടെയോ സേവനം റ്റി.ഒ.റ്റി നടത്തുന്നതിനായി ലഭ്യമാക്കുക. ആവശ്യമെങ്കിൽ ജി.ഒ.റ്റി നടത്തുന്നതിനും അവരുടെ സേവനം ലഭ്യമാക്കാവുന്നതാണ്.

- പ്രവർത്തിപരിചയമുള്ള 7 എം.ഇ.സി.മാരുടെ പേര് റ്റി.ഒ.റ്റി പരിശീലനം ലഭ്യമാക്കുന്നതിനായി സംസ്ഥാന മിഷനിലേയ്ക്ക് നിർദ്ദേശിക്കേണ്ടതാണ്.

2. **സിറ്റി മിഷൻ മാനേജർ**

- റിസോഴ്സ് ഗ്രൂപ്പ് രൂപീകരണം
- റ്റി.ഒ.റ്റി പരിശീലനം നടത്താൻ അനുയോജ്യമായ സ്ഥലം, തീയതി എന്നിവ സിഡിഎസ്സുമായി കൂടിയാലോചിച്ച് ഷെഡ്യൂൾ തയ്യാറാക്കേണ്ടതാണ്.
- പദ്ധതി നടപ്പിലാക്കുന്ന നഗരസഭയിൽ പ്രവർത്തിക്കുന്ന എം.ഇ.സി. അല്ലെങ്കിൽ സമീപ പഞ്ചായത്തുകളുടെ ചുമതലയുള്ള എം.ഇ.സി.മാരുടെ വിവരം സംസ്ഥാന മിഷനിൽ നിന്നും ലഭ്യമാക്കുന്ന മുറയ്ക്ക് പരിശീലനത്തിൽ പങ്കാളികളാക്കേണ്ടതാണ്.
- റ്റി.ഒ.റ്റി പരിശീലനം പൂർത്തിയാക്കുന്ന മുറയ്ക്ക് റിസോഴ്സ്ഗ്രൂപ്പുകൾ വഴി എല്ലാ അയൽക്കൂട്ടതലത്തിലും അരദിവസത്തെ ജി.ഒ.റ്റി പരിശീലനം നടത്തേണ്ടതാണ്.
- സംരംഭകരെ കണ്ടെത്തി തുടർപ്രവർത്തനങ്ങൾക്കാവശ്യമായ സഹായസഹകരണങ്ങൾ റിസോഴ്സ് ഗ്രൂപ്പിനും കമ്മ്യൂണിറ്റി ഓർഗനൈസർമാർക്കും ലഭ്യമാക്കുക.

3. **സി.ഡി.എസ്**

- സിറ്റി മിഷൻ മാനേജർമാരുമായി സംയോജിച്ച് സിഡിഎസ് തലത്തിൽ റ്റി.ഒ.റ്റി പരിശീലനം സംഘടിപ്പിക്കുക.
- എല്ലാ അയൽക്കൂട്ടതലത്തിലും ജി.ഒ.റ്റി.യുടെ തീയതി, സ്ഥലം എന്നിവ സംബന്ധിച്ച വിവരം എഡിഎസ് വഴി അറിയിക്കേണ്ടതും, സംരംഭം ആരംഭിക്കുവാൻ തൽപ്പരരായവർ പങ്കെടുത്തു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.
- ജി.ഒ.റ്റി നടത്തിപ്പിനു ശേഷം സംരംഭം ആരംഭിക്കാൻ താൽപ്പര്യപ്പെടുന്ന വ്യക്തികൾക്കുള്ള തുടർസേവനം (പരിശീലനം,

പ്രോജക്ട് തയ്യാറാക്കൽ, അപേക്ഷാഫോറം നഗരസഭയ്ക്ക് കൈമാറൽ, ലോൺ ക്രമീകരിക്കൽ, ഇന്ററസ്റ്റ് സബ്സിഡി ലഭ്യമാക്കൽ) കമ്മ്യൂണിറ്റി ഓർഗനൈസർ മുഖേന ലഭ്യമാക്കേണ്ടതാണ്. പ്രോജക്ട് തയ്യാറാക്കുന്നതിന് ആവശ്യമെങ്കിൽ എം.ഇ.സിമാരുടെ സേവനം ലഭ്യമാക്കേണ്ടതും ഇവർക്കുള്ള ഓണറേറിയം, എം.ഇ.സി ഗൈഡ്ലൈൻ അനുശാസിക്കുന്ന പ്രകാരം സംരംഭകർ നൽകേണ്ടതുമാണ്.

4. എം.ഇ.സി

- നഗരസഭകളിൽ വിജയകരമായി ആരംഭിക്കാവുന്ന വ്യത്യസ്ത സംരംഭങ്ങളെ സംബന്ധിച്ച വിവരങ്ങൾ അയൽക്കൂട്ടാംഗങ്ങൾക്ക് പരിചയപ്പെടുത്തേണ്ടതാണ്. ഇതിനായി എല്ലാ ജില്ലകളിലേയും വിജയകരമായ സംരംഭങ്ങളുടെ (കാർഷിക മേഖല, അനിമൽ ഹസ്ബന്ററി, ഇതര സംരംഭങ്ങൾ) വിശദാംശങ്ങൾ പവ്വർപോയിന്റ് അവതരണത്തിലൂടെ നൽകേണ്ടതാണ്.
- പരിശീലനത്തിനുള്ള മൊഡ്യൂൾ സംസ്ഥാന മിഷനുമായി കൂടിയാലോചിച്ച് തയ്യാറാക്കേണ്ടതാണ്.
- സിഡിഎസ് ആവശ്യപ്പെടുന്ന മുറയ്ക്ക് പദ്ധതി തയ്യാറാക്കുന്നതിനുള്ള സഹായം ലഭ്യമാക്കേണ്ടതാണ്.

ബഡ്ജറ്റ്

| ക്രമ നം. | ഇനങ്ങൾ | പങ്കെടുക്കുന്നവർ | യൂണിറ്റ് കോസ്റ്റ് | ആകെ തുക |
|---|---|---|---|---|
| 1. | റ്റി.ഒ.റ്റി പരിശീലനം | സിഡിഎസ് ചെയർപേഴ്സൺ, എം.ഇ ഉപസമിതി കൺവീനർ, എം.ഇ ഉപസമിതി അംഗങ്ങൾ (4-7), കമ്മ്യൂണിറ്റി ഓർഗനൈസർമാർ (2), എം.ഇ.സി (2), സിറ്റി മിഷൻ മാനേജർമാർ | 120 (120*14) | 1680 |
| 2. | എം.ഇ.സി ഓണറേറിയം | 2 പേർ | 750 * 2 | 1500 |
| 3. | ഹാൾ വാടക | | 3500 (ദിവസം) | 3500 |
| 4. | എൽ.സി.ഡി, ലാപ്ടോപ്പ് | | 1500 (ദിവസം) | 1500 |

| | | | | |
|---|---|---|---|---|
| 5. | സ്റ്റേഷനറി | 14 | 25 * 14 | 350 |
| 6. | ബാനർ, ഡോക്യുമെന്റേഷൻ | | 1000 | 1000 |
| | **ആകെ** | | | **9530** |

**പ്രസ്തുത പരിശീലനം നടത്തുന്നതിനുള്ള ഫണ്ട് എൻയുഎൽഎം ഐ. ഇ.സി. ഹെഡ്ഡിൽ നിന്നും സി.പി.ഒ വകയിരുത്തേണ്ടതാണ്.**

സി.ഡി.എസ് പരിശീലനത്തിനുള്ള മൊഡ്യൂളും ബഡ്ജറ്റും നഗരസഭ വഴി ജില്ലാമിഷന് സമർപ്പിക്കുകയും ജില്ലാമിഷനിൽ നിന്നും മുൻകുറായി തുക നഗരസഭ കൈപ്പറ്റേണ്ടതുമാണ്. പരിശീലനം പൂർത്തിയാകുന്ന മുറയ്ക്ക് അസ്സൽ ബില്ലുകളും വൗച്ചറുകളും ഹാജരാക്കി സി.പി.ഒ മുൻകൂർ തുക ക്രമീകരിക്കേണ്ട താണ്.

**എക്സിക്യൂട്ടീവ് ഡയറക്ടർ (i/c)**
**കുടുംബശ്രീ**

To,
എല്ലാ നഗരസഭാ ചെയർമാൻമാർക്കും/ കോർപ്പറേഷൻ മേയർമാർക്കും
എല്ലാ നഗരസഭ സെക്രട്ടറിമാർക്കും/കോർപ്പറേഷൻ സെക്രട്ടറിമാർക്കും
എല്ലാ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർക്കും
എല്ലാ സിറ്റി പ്രോജക്ട് ഓഫീസർമാർക്കും

പകർപ്പ്
എല്ലാ സിഡിഎസ് പ്രസിഡന്റ്മാർക്കും
എല്ലാ സിറ്റി മിഷൻ മാനേജർമാർക്കും

കരുതൽ ശേഖരം
ബന്ധപ്പെട്ട ഫയൽ